


# ലയം 2020

SKMHSS KUMARAKOM

*Digital Magazine*

SKMHSS KUMARKOM

PH 0481 2525723

Email: skmhsskumarakom@gmail.com

# ദൈവദശകം

ദൈവമേ കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്ന വസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ, സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും, മായാ-
വിയും, മായാവിനോദനും
നീയല്ലോ മായയേ നീക്കി-
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നേ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക.

ജയിക്കുക മഹാദേവ,
ദീനാവനപരായണ,
ജയിക്കുക ചിദാനന്ദ,
ദയാസിന്ധോ, ജയിക്കുക.

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.

ശ്രീനാരായണഗുരു

# ആമുഖം

വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി പുതിയ സാങ്കേതികവിദ്യകൾ നാം ഇന്ന് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനൂതന സാങ്കേതികവിദ്യകളിലൂടെ ഭാവിവാഗ്ദാനങ്ങളായി പുതുതലമുറയെ വാർത്തെടുക്കാൻ അദ്ധ്യാപകരെ ഈ സാങ്കേതികവിദ്യാവികാസം സഹായിക്കുന്നു. ഇതിന്റെ തുടർച്ചയായാണ് സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായി പ്രയോജനപ്പെടുത്തുന്നതിനായി "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി കൂട്ടായിമ ഹൈടെക്ക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ ക്ലാസ്സുറികളിലും ഹൈടെക്ക്  ആയതോടെ പഠനം കൂടുതൽ ലളിതമായി.കുട്ടികൾക്ക് ഭാവിയിൽ കമ്പ്യൂട്ടർ പഠനത്തിൽ മികവ് തെളിയിക്കുവാനും സ്വയം പര്യാപ്തം നേടുവാനും കേരള സർക്കാരിന്റെ ഈ സംരംഭത്തിലൂടെ സാധിക്കുന്നു. സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകി ഒരോ കുട്ടിക്കും തനിക്ക് യോജിച്ചതും താത്പര്യമുള്ളതുമായ മേഖലയോട് ചേർത്തുനിർത്തുന്നതിനും ഇത് സഹായകമാകുന്നു.

സാങ്കേതികവിദ്യയിലെ പുരോഗമനം ലോകത്തെവിടെയുള്ള വിദഗ്ധരുമായി വിദ്ധ്യാർത്ഥികൾക്ക് അടുത്തിടപഴകാൻ ആത്മധൈര്യം നൽകുന്നു. നൂതനസങ്കേതികവിദ്യകൾ വിദ്യാർത്ഥികൾക്ക്  ക്ലാസ്റൂമിന് പുറത്തും സ്വന്തം വീട്ടിൽ പരീക്ഷണപ്രവർത്തനങ്ങൾ നടത്തുവാൻ സഹായിക്കുന്നു.

ഇലക്ട്രോണിക്സ്  മേഖലകളിലും കൂടുതൽ പ്രാധാന്യം നൽകുന്ന  "ലിറ്റിൽ കൈറ്റ്സ്  " എന്ന ഈ സംരംഭം നാളെയുടെ  മാഗ്ദാനങ്ങളെ  ഉന്നതിയിലേക്ക് വാർത്തെടുക്കുന്നതിലും പുതുതലമുറയുടെ താത്പര്യങ്ങളെ ആശയമാക്കുന്നതിലും ഈ പദ്ധതി ഒരു പ്രധാന ഘടമാണ്. കുട്ടികളുടെ ഐടി കൂട്ടായ്മയായ" ലിറ്റിൽ കൈറ്റ്സ്"' എസ്.കെ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെയും ജീവനാക്കാരുടെയും രചനകൾ ഉൾപ്പെടുത്തി സമർപ്പിക്കുകയാണ്.

ലിറ്റിൽ കൈറ്റ്സ്

എസ്.കെ.എം.എച്ച്.എസ്സ് കുമരകം

നമ്പർ: 33053/2018



# Sreekumaramangalam Temple



# ക്ഷേത്രം തന്ത്രിയുടെ  സന്ദേശം

ശ്രീ കുമാരമംഗലം ഹയർസെക്കണ്ടറി സ്കൂൾ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു. ആയിരക്കണക്കിനു വിദ്യാർത്ഥികൾക്ക് അറിവിന്റെ  വെളിച്ചം പകർന്നു നല്കിയ ഈ വിദ്യാലയത്തിന് വരും വർഷങ്ങളിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ ഇടയാകട്ടെ എന്നു സുബ്രഹ്മണ്യഭഗവാന്റെ നാമത്തിൽ  പ്രാർത്ഥിക്കുന്നു

*ബ്രഹ്മശ്രീ എരമല്ലൂർ ഉപേന്ദ്രൻ തന്ത്രികൾ*

# Health and hygiene

Health is a state of well being both physically and mentally and it is also linked with the popular and old saying 'Health is wealth . Mahatma Gandhi once said that "It is health that is real wealth and not pieces of gold and silver ". But to maintain good health
one should have good habits and a proper hygiene is a sign of good health

Following a hygienic lifestyle can maintain a good health. Improving your personal hygiene, keeping your surroundings
clean, proper disposal of wastes, taking good
and properly cooked or clean foods are some of steps to have a hygienic lifestyle. Personal hygiene remains as one of the important steps
in this. Washing your hands before and after food , keeping your nails clean and trimmed, brushing your teeth twice a day changing clothes every day, regular bath can improve your personal hygiene.

Our surroundings should also be kept neatly this is important because many infectious diseases can easily spread due to a bad environment. Improper disposal of wast materials, improper storing of water can increase the risk of spreading diseases. Also the food that you eat should be properly and well cooked. Food should not be left opened. Also if you are taking raw food clean it properly before having them.

Another important thing is social hygiene and it is as important as personal hygiene. We may keep ourselves and also our surroundings clean but not others and if it is a public property less concern is given. Spitting on the road peeing and defecate roads and railway tracks,

# ചക്കരമാവിൻ

# ചോട്ടിൻ

\`

# ഹരിതകേരളം എക്സ്പ്രസ്സ്

പത്രം വയിച്ച് എഴുന്നേറ്റ ചാക്കോച്ചേട്ടൻ സിബിയിയും ആനിയെയും

വിളിച്ച് ചോദിച്ചു.

”എന്തുട്ട്ണാ......ഈ....ടാ....ല...ന്റെ....ലാ...ബ്.....?സിബിയും ആനിയും

(ചിരിച്ചോണ്ട്).....”അപ്പച്ചാ അത് സ്കൂളിലളിലെ

ഹരിതസേനയുടെ ഒരു പരുപാടിയാണ്!!!! അവർ ആ

പരിപാടിയുടെ വിശദാംശങ്ങൾ അപ്പച്ഛനെ

ബോധ്യപ്പെടൂത്തി അപ്പച്ചൻ ഒരു

സ്യാതന്ത്യസമരസേനാനികൂടിയാണ് കേട്ടോ!!!

പിള്ളേരു് സ്കൂളിൽ പോയ തക്കംനോക്കി അപ്പച്ചൻ

അപ്പുറത്തെ കുട്ടപ്പന്റെ വീട്ടിലെത്തി. കുട്ടപ്പനപ്പോൾ കപ്പ ചൂട്ടെടുത്ത്

കട്ടൻകാപ്പിയുമായി ഒരു

മത്സരചാക്കോച്ചൻ സ്ക്കൂകൾ

പറഞ്ഞു"എടാകുട്ടനമ്മുടെ പിള്ളേർക്ക്ത്തിനൊരുങ്ങുകയായിരുന്നു. അല്ല

ഇതാര് ചാക്കോച്ചനോ(അപ്പച്ചന്റെ യഥാർഥ പേര്)കുട്ടപ്പന്റെ ചോദ്യം

കേട്ട്സ്വീകരണം കൊടത്തത്രേ!” ഗ്രീൻ ടാലന്റെ ലാബ് !" കുട്ടപ്പനൊന്നും

പിടികിട്ടിയില്ല. ക്കോച്ചൻ കാരങ്ങൾ ....

വിശദികരിച്ചു ." ഇതിങ്ങനെ വിട്ടാൽ പറ്റില്ല !

വിളിങ്കപ്പനേം മറിയേനേം

കോയേനെയൊക്കം " ചാക്കോച്ചൻ ഒറ്റശാസത്തിൽ പറഞ്ഞു

അന്നാട്ടിലെ വയോജനകൂട്ടായ്മ് അന്ന് ചക്കരമാവിൻ






ചുവട്ടിൽ ഒരു കൂട്ടായ്മ്സംഘടിപ്പിച്ചു.

# NCC Activities





# ഞാൻ

## ഓർക്കുന്നു



എൻ പിഞ്ചുനാവിൽ
ആദ്യാക്ഷരം കുറിച്ച
അച്ഛനെ
ഞാനിന്നതോർത്തി-
ട്ടുന്നു വാത് സല്യത്തോടെ
വളർവത്തിയൊരമ്മയെ
ഞാനിന്നോർത്തിട്ടുന്നു
നേർവഴികാട്ടി  നയിച്ചൊരു
ഗുരുവെ ഞാനിന്നതോ-
ർകത്തിട്ടുന്നു മാതാ പിതാ
ഗുരു ദൈവം
ഞാൻ ഓർത്തിട്ടുന്നു
ബല്യകാങ്ങളും
ഞാനിന്നതോർത്തിട്ടുന്നു
ഭൃനാഥനായൊരു ഈശരെന
ഞാനിന്നതോർത്തിട്ടുനിന്നു

ഗോപു ശിവദാസ്

# മാതൃ സ്നേഹം

കാർത്തിക സുനിൽ

ലോകത്തിൽ ദൈവത്തോട്സാദൃശ്യമുള്ള ഒന്നാണ് അമ്മ.എനിക്കെന്റെ അമ്മയെ വളരെ അധികം ഇഷ്ടമാണ് .അമ്മയുടെ സ്നേഹത്തിനു മുൻപിൽ ഈ ലോകത്ത് മറ്റൊന്നുമില്ല.ആ സ്നേഹമാണ് ഏറ്റവും ശ്രേഷ്ഠമായത് .ഒരു അമ്മ ഏറെ തന്റെ മക്കൾ സന്തോഷവാനായിരിക്കുമ്പോഴും ഏറെ വേദനിക്കുന്നത്. ഓരോ അമ്മമാരു ടെയും മുഖങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും മനസ്സ് ഒന്നു തന്നെയാണ്.വേദനകളും ഒന്നുതന്നെ. എന്നാൽ ചില മക്കൾ വേദന ഒട്ടും മനസ്സിലാക്കുന്നില്ല. അവർ വിവാഹം കഴിച്ച് ഭര്യയുടെ ചൊൽപ്പടിക്ക് നിന്ന് സ്വന്തം അമ്മയെ തള്ളിപ്പറയുന്നു



ഇന്ന് വാർത്തകളിൽ എല്ലാം വ്യപിച്ചിരിക്കുന്ന ഒരുവിഷയമാണ് വൃദ്ധാരായ മാതാപിതാക്കളെ തെരുവിലും മറ്റും ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ എന്നത്. അമ്മമാരെ മക്കൾ തന്റെ ആവശ്യം കഴിയുമ്പോൾ അനാഥാലയങ്ങളിൽ ഉപേക്ഷിക്കുന്നു.

ഇന്ന് വാർത്തകളിൽ പടർന്നു കയറിയ ഒരു സംഭവമാണ് സ്വത്ത് നൽകാതിരുന്നൽ വൃദ്ധയായ അമ്മയെ മകൻ പട്ടിക്കൂട്ടിലിട്ട് പൂട്ടി എന്നത്.ഇന്നത്തെ കാലത്ത് മക്കൾ വലുതായി ഒരു പദവി നേടി സ്വന്തം കാലിൽ നിൽക്കാരാകുമ്പോൾ അമ്മയെ ഉപയോഗ ശൂന്യമായ ഒരു വസ്തുവായി കാണുന്നു.

അമ്മയുടെ സ്നേഹം മക്കൾക്കു ലഭിച്ച ഒരു വലിയ ഭഗ്യമാണ്. എത്രയോ അമ്മമാരുടെ ചിരിക്കുന്നതും കരയുന്നതുമായ മുഗങ്ങൾ മിന്നിമറഞ്ഞു?ചിലർ അമ്മയുടെ വാത്സല്യത്തിനും സ്നേഹത്തിനും വേണ്ടി കണ്ണീരൊഴുക്കുന്നു. എന്നാൽ മറ്റു ചിലരാകട്ടെ അമ്മയുടെ സ്നേഹം തന്നിൽ നിന്നും അടർത്തി മാറ്റാനാണ് ശ്രമിക്കുന്നത്. ലോകത്തിൽ ഭൂരിപക്ഷം ആളുകളും ഈ സ്വഭാവക്കാരാണ്. അതിരാവിലെ ഉണർന്ന് കുടുബത്തിലെ എല്ലാ കാര്യങ്ങളും സ്വന്തം തലയിലേറ്റി ജീവിക്കുന്ന അമ്മ പുറത്ത് ചിരിക്കുന്നുണ്ടെങ്കിലും ഉള്ളിലെ വേദന ആരെയും അറിയിക്കുന്നില്ല.

ദൈവം എന്നത് ലോകം മുഴുവനുള്ള എല്ലാ അമ്മമാരുടേയും പ്രതീകമാണ്.

# GRANNY TREE

I 'am a granny tree
I 'am one of those
that is to be survived.
Our greeny leaves are
the only green spot.
That remains on the earth
our precious ancestors
and our rising  generations
are now no  more.
Our shady branches
are shelter for many.
Our sweety fruits
are shelter for many.
Our foods for many.
We are the protecting
cover of this earth.
Even though the people
are hurting trees a lot
Today or tomrrow the day will come
that will recognise the value of trees

Neeraj Anand
9D

# ക്വിസ് ടൈം

1.നാം ഫോൺ ചെയ്യുമ്പോൾ ആദ്യം പറയുന്ന വാക്കാണ് 'ഹെലോ' ടെലിഫോൺ അലക്സാണ്ടർ ഗ്രഹാമ്പിൻെറ സുഹൃത്തായ ആരുടെ പേരാണ് ഇത് ?

ഉ : മാർഗരറ്റ് ഹെലോ

2.ഉച്ചയ്ക്ക് മുമ്പ് എന്നർത്ഥമുള്ള എ എം-ൻെറ പൂർണ്ണരൂപം എന്ത് ?

ഉ : *Ante Meridien*

3. ശൂന്യാകാശത്ത് നടന്ന ആദ്യവ്യക്തി ആര് ?

ഉ : അലക്സി ലിയനോവ്

4 : ഗിന്നസ് ബുക്ക് പ്രകാരം ഏറ്റവുമധികം അർത്ഥമുള്ള ഇംഗ്ലിഷ് വാക്കേത് ?

ഉ : *Set*

5. നമുക്ക് സുപരിചിതമായ ഒരു കാർട്ടൂൺ താരത്തിൻെറ ആദ്യ പേരായിരുന്ന '*Mortimer*'. ഏതാണ് ആ കാർട്ടൂൺ താരം ?

ഉ : മിക്കി മൗസ്

6. രാജ്യങ്ങളിലെ എല്ലാ ദേശീയ പതാകയിലും ഏറ്റവും കൂടുതൽ ഉള്ള നിറങ്ങൾ ഏത് ?

ഉ : വെള്ള, ചുവപ്പ്

7. ധ്രുവക്കരടികളെ കാണാൻ കഴിയുന്നത് ഏത് മേഖലയിൽ ആണ് ?

ഉ : ആർട്ടിക് സമുദ്രത്തിൽ

8. ഏതു ജീവിക്കാണ് ഏറ്റവും വലിയ കണ്ണുകൾ ഉള്ളത് ?

ഉ : കൊളോസ്സൽ സ്ക്വിഡ്

9. മിക്കി മൗസിൻെറ ചിത്രം പതിപ്പിച്ച നാണയങ്ങളുടെ രാജ്യം ഏത് ?

ഉ : നിയു

10. ഏറ്റവും അധികം മനുഷ്യരെ കൊലപ്പെടുതിയ ജീവി ഏത് ?

ഉ : കൊതുക്

ഗംഗ റ്റി.പി 9E

# വിജയഗാഥ

2017-കൊണ്ടു കുമരകത്തിൻെറ സ്വന്തം വിദ്യാലയമായ ശ്രീകുമാരമംഗലം ഹയർ സെക്കൻഡറി സ്കൂളിന് കൈവരിക്കാൻ കഴിഞ്ഞത് വിജയവീഥികളുടെ ഒരു തിരമാല തന്നെയാണ്.ഷൂസും, സോക്സും വന്നപ്പോൾ ഭംഗിയും, കുട്ടികൾക്ക് ഊർജ്ജവും ഉണർന്നു.
ഇ.എസ്സ്.സുജാമോൾ ടീച്ചറെന്ന ഹെഡ്മിസ്ട്രസ്ൻെറ വരവോടുകൂടി മാറ്റങ്ങളുടെ താലപ്പൊലി തന്നെ തീർക്കുവാൻ കഴിഞ്ഞു. നമ്മുടെ വിദ്യാലയത്തിൽ പരിസ്ഥിതിയെ സ്നേഹിക്കുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കഠിനാധ്യാനം കൊണ്ട് പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ ഹരിതസേനാംങ്ങളായി മാറി.ഒപ്പം കൃഷിമന്ത്രിയിൽ നിന്നും ജില്ലാതല പുരസ്കാരവും നല്ലപാഠത്തിൽ [മലയാള മനോരമ] നിന്നും എ+ഗ്രേഡ് ഏറ്റുവാങ്ങുവാനും നമ്മുക്ക് സാധിച്ചു. കൃഷിയെയും ശുചിത്യ-ആരോഗ്യത്തെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതസേന പച്ചവർണ്ണത്തിലുള്ള യൂണിഫോം അണിഞ്ഞ് രംഗത്തെത്തി.

ഈ വർഷത്തെ യുവജനോത്സവം നമ്മളെ തീർത്തും രസിപ്പിച്ചു. കാരണം ഒരു ജില്ലാ കലോത്സവം പോലെ വാശിയേറിയ പ്രകടനങ്ങൾ കാഴ്ച്ചവയ്ക്കാനും എല്ലാ കുട്ടികളെയും നല്ലരീതിയിൽ പങ്കെടുപ്പിക്കാനും
നല്ലവരായ എല്ലാ അധ്യാപകരെക്കൊണ്ടും സാധിച്ചു. ഗംഗ, യമുന, കാവേരി, നിള ഹൗസ് തിരിച്ചുള്ള മത്സരം കലോത്സവത്തിന് കൂടുതൽ മികവേകി. സബ്ബ് ജില്ലാജില്ലാതലമത്സരങ്ങളിൽ ഉജ്ജ്യലപ്രകടനം നാം കാഴ്ചവച്ചു.

കായികത്തിൻെറ കാര്യം പറയുകയാ- ണെങ്കിൽ ഈ വർഷം വലിയ

സ്വീകരണത്തോ ടെ ഒരു ദേശിയ താരത്തെ നമ്മുടെ ഇടയിൽ നിന്നും വളർത്തിയെടുക്കുവാൻ കഴിഞ്ഞു. 'സെപക്  താക്രോ' എന്ന കായിക ഇനത്തെക്കുറിച്ച് ക്കേട്ടപ്പോൾ ചിരിവന്നെങ്കിലും അവിനാശ് ടി.അജി കേരളടീമിൽ പോയി വെങ്കലമെഡൽ കരസ്ഥമാക്കി വന്നതിൽ തീർത്തും അഭിമാനമുണ്ട്. ഇനിയും നമ്മുക്ക് ഒരുപാട് ദേശീയ  താരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കണം

# എൻ വിദ്യാലയം

അറിവിൻെറ ലോകമാണെൻ വിദ്യാലയം
അറിവിൻെറ ലോകത്തൊരു
വിദ്യാർത്ഥിയായി ഞാൻ വന്നു
എൻ വിദ്യാലയം എന്നെ
അറിവിനാൽ നിറച്ചു

എൻെറ വീടുപോൽ സൗഹൃദം
പകരുന്ന വിദ്യാലയം
മാതാവിനെപ്പോലെ
ആശ്വാസം പകരുന്ന ഗുരുവിൻെറ സാന്നിദ്ധ്യം
എന്തിനും കൂടെ നിന്ന് സഹായിക്കുന്ന
സുഹൃത്തുക്കളുള്ള വിദ്യാലയം
സനേഹവും നന്മയും ഒത്തു ചേരുന്നൊരു
ഐശ്വര്യ കേദാരമാം എൻ വിദ്യലയം
മറക്കില്ല ഞാനൊരിക്കലും
ഈ അറിവിൻെറ  ലോകത്തെ
ആരും കൊതിക്കുന്നൊരു
സനേഹം നിറഞ്ഞ പൂമുറ്റം ഉള്ളൊരു വിദ്യാലയം

എന്നും ഓർക്കുന്നു ഞാൻ

മതി മറന്ന് പോയ നിമിഷങ്ങളെ-

ന്നും ഓർക്കും ഞാൻ ഈ സൗഹൃദ വിദ്യാലയത്തെ

എൻ വിദ്യാലയം എൻ പുണ്യഗൃഹം

സോജ മേരി പുന്നൂസ് 7 E

# Updating ourselves

Being yourselves is the only way how to stand out in today's crowd.

Earning a relation is a reward of our trust and maintaining the same is the result of our sacrifice. To stay in touch with friends and family social media is on the fore most really upon. As social media has grown tremendously in the last few years, i thought it would be relevant to talk about social media. The beauty of social media is that you can connect with anyone , people from anywhere regardless of their age ,status, religion or creed. Also we can update ourselves from the latest happenings around the world. It can also be used for noble causes and create awareness and innovate the way people live, in creases business reputation, positive comments and sharing. Apart from the positive aspects of social networks we should not forget its demerits and the dangers that lurk behind it.

As users of social media it is important to examine and make sure we understand it's negative side. We should admit that our life has completely changed from what it was twenty years ago. Now there is an enormous decrease in face communication which reduces our generation's ability to interact with others. The quality of conversation used in social media is awful, we cannot sense the real emotion from the other person. It makes us wonder if they actually mean what they say. With the commencement of social networking, sad to say the real warmth and vigour of communicative power has dropped. It has definitely ruined the imaginative and creative power of our generation. Actually the use of social media is a fantastic way to waste time which detach us from our families more than we think it does. Its really easy to spend hours doing

nothing. It diminishes our understanding and thoughtfulness and give people a liscence to hurtful. The dangerous disadvantages of social media are cyberbulling and hacking since anyone can create a fake account, threats and rumors can be sent to the masses. Personal data and privacy can easily be hacked and  shared on, the internet that have affected the individuals personal lives. There are so many stories that turned into suicide stories.

However everything in this univers  has its positives and negatives , itis up to us how we perceive thing. It is in the hand of the user, well as a destructive power. We have to make the right choice, which aspect should we take into account.

Rajasree c.p (Teacher)

# മടിയൻ ചിപ്പു

ഗോകുൽ സിജിമോൻ

പണ്ട് പണ്ട് തേൻമലക്കാട്ടിലൊരു കുരങ്ങച്ചനുണ്ടായിരുന്നു. ചിപ്പു എന്നായിരുന്നു അവൻെറ പേര്.മഹാ മടിയനായിരുന്നു ചിപ്പു ഒരു ദിവസം ചിപ്പു കുരങ്ങച്ചൻ വിശന്നു വലഞ്ഞ് കാട്ടിലൂടെ നടക്കുമ്പോഴുണ്ട് ഒരു മാവിൽ നിറയെ പഴുത്തു തുടുത്ത മാങ്ങകൾ! അവനുണ്ടോ അതു കണ്ടപ്പോൾ കൊതിയടക്കാൻ കഴിയുന്നു? പക്ഷേ ചിപ്പുക്കുരങ്ങച്ചനൊരു മഹാമടിയനല്ലേ? അവൻ ചുറ്റും നോക്കി. അപ്പോഴതാ മാവിൻെറ കൊമ്പിലിരുന്ന് കാക്കക്കുന്നിലെ കിങ്ങിണികാക്കമ്മ പഴുത്തു തുടുത്ത ഒരു മാമ്പഴം കൊത്തികൊത്തി തിന്നുന്നു. ഉടനെ ചിപ്പുക്കുരങ്ങച്ചൻ കിങ്ങിണികാക്കമ്മയോടു ചോദിച്ചു "കാക്കമ്മേ......കാക്കമ്മേ...... എനിക്കൊരു മാമ്പഴം തിന്നാൻ തരുമോ?" കിങ്ങിണി കാക്കമ്മ വേഗം മാമ്പഴം മുഴുവനും കൊത്തി കൊത്തി തിന്നു. എന്നിട്ടു പറഞ്ഞു "ഹും നിനക്ക് മരം

കയറാൻ അറിയാമല്ലോ. മാമ്പഴം വേണമെങ്കിൽ മരത്തിൽ കയറി പറിച്ചു തിന്നോ" അതു കേട്ടപ്പോൾ ചിപ്പുകുരങ്ങച്ചന് വല്ലാതെ ദേഷ്യം വന്നു. അവൻ ഒന്നും മിണ്ടാതെ മുന്നോട്ടു നടന്നു.

കുറച്ചു ദൂരം ചെന്നപ്പോഴതാ ഒരു ഏത്തവാഴയിൽ ഏത്തക്കുല പഴുത്തു നിൽക്കുന്നു! ഏത്തപ്പഴം കണ്ടപ്പോൾ ചിപ്പുവിന് കൊതിയായി. പക്ഷേ മഹാമടിയനല്ലേ അവൻ? അവൻ ചുറ്റും നോക്കി. അപ്പോഴതാ അണ്ണാൻ കുന്നിലെ കുഞ്ഞനണ്ണാൻ ഏത്തപ്പഴം കപ്പം കപ്പം വെട്ടിവിഴുങ്ങുന്നു. അതു കണ്ട ചിപ്പു കുരങ്ങൻ ചോദിച്ചു "കുഞ്ഞണ്ണാനെ എനിക്കും ഒരു ഏത്തപ്പഴം തരുമോ?"കുഞ്ഞണ്ണാൻ വേഗം ഒരു ഏത്തപ്പഴം മുഴുവനും അകത്താക്കിട്ട് ഛിൽ.......ഛിൽ.......! എന്ന് ചിലച്ചുകൊണ്ട് പറഞ്ഞു. " ഹും നിനക്കുവേണമെങ്കിൽ തനിയെ പറിച്ചു തിന്നോ".
പാവം ചിപ്പു അവൻ ഒന്നും മിണ്ടാതെ മുന്നോട്ടു നടന്നു. അവൻ അകലെ ഒരു മരത്തിൽ തൂങ്ങിക്കിടന്നുകൊണ്ട് ഇന്നു സംഭവിച്ച കാര്യങ്ങൾ ആലോചിച്ചു എന്നിട്ട് അവൻ ങി......ങീ..... എന്ന് കരഞ്ഞു. അപ്പോൾ അവിടെക്ക് കിങ്ങിണിയും കുഞ്ഞനണ്ണാനും വന്നു. അവർ അവനോടു പറഞ്ഞു "അദ്ധ്യാനിച്ച് ലഭിക്കുന്നതിനും മാത്രമേ ഫലമുള്ളൂ.അല്ലാത്തത് നിലനിൽക്കില്ല" അപ്പോൾ അവന് അവന്റെ തെറ്റ് ബോധ്യമായി. പിന്നീട് അവൻ ഒരിക്കലും മടികാണിച്ചിട്ടില്ല.അങ്ങനെ അവർ മൂവരും നല്ല സുഹൃത്തുക്കളായി മാറി.

# ബാല്യകാലം

മിന്നു മോഹൻ

പീറന്ന മണ്ണിലെ ചെളിക്കുണ്ടുകളിൽ
കാൽപ്പാദങ്ങൾ  പതിച്ച കാലം
നന്മനിറഞ്ഞ നാട്ടുവഴിയിൽ ചെത്തിപ്പഴങ്ങളിൽ
പറിച്ചകാലം
മാരിവില്ലിൻ വർണം ചാർത്തും
പൂക്കൾ ഇറുത്തു നടന്ന കാലം
വിണ്ണൊളിയാകുന്ന അമ്പിളി മാമനെ
എത്തിപ്പിടിക്കാൻ കൊതിച്ചകാലം
ഓളത്തിൽ ചാഞ്ചാടുമാമ്പൽപ്പൂവിൻെറ
മൊട്ടുകൾ പിഴുതൊരു കുട്ടികാലം
വെട്ടിതിളങ്ങുന്ന പുൽക്കൊടി തുമ്പിനെകണ്ണീരായി നിനച്ച
കാലം

അംബരചുംബിയും അരയാലിനാലില
പുസ്തകത്തൊട്ടിൽ സൂക്ിച്ചകാലം
ചൂരൽ കൈക്കെട്ടിൽ സൂക്ച്ചകാലം
കാവിലൊളിക്കും കുറുമ്പിൻ കാലം
അക് രമുറ്റത് ആശാൻ ചൊല്ലിക്കും കാലം
പദ്യം മനപാഠമാക്കും കാലം
ചക്കരമാവിന്റെ കൊമ്പുകുലുക്കി
മധുരം നുണഞ്ഞൊരു വേനൽ കാലം
മുത്തശ്ശി തന്നുടെ നാവാൽ മൊഴിഞ്ഞൊരു
കെട്ടുകഥ മനം വാണകാലം
എന്നും തിരിഞ്ഞൊന്നു നോക്കാൻകൊതിക്കുന്ന
കേളികുട്ടത്തിൻ ബാല്യകാലം




SSLC 2019 Photos

# DR. B.R. AMBEDKAR

Bhimrao Ramji Amedkar popularly known as Baba saheb was
born on 14th April 1891 in Mhow, Madhyaa Pradesh.He was appointed military secretary to the Gaikwad.But had to quit in a shorter time.He is known for his inspirational work of delit
community of india,He was an india jurist,politician and social reformer.He was independent india's first Law minister
and was among the main architect in desining constitution of india. His father was Ramji Masloji sakpal who served in the british army and his mother Bimabhai. Being from mahar caste, he was treated as untouchable and subjected to cyco economic discrimination. He was the man behind quota reservation for scheduled caste in india. Ambedkar died in his sleep on 6 December 1956 at his home in delhi. In 1990 after his death he was awarded with bharath Ratna Award which is india's highest civilian award.

Anjana Baiju
X E

# കേരളം പിന്നിട്ട

# 60 വർഷങ്ങൾ

"സവർണ്ണരുടെ വിഥിയിലൂടെ നടക്കാനും വിദ്യ അഭ്യസിക്കാനും ക്ഷേത്ര ദർശനം നടത്താനും അവർണ്ണർക്ക് അധകാരമില്ലയിരുവന്നു. 1888-ൽ ശിവരാത്രിനാളിൽ ശ്രീനാരായണ ഗുരു നടതത്തിയ അവത്തയ അരുവിപ്പുറം ശിവപ്രതിഷ്ഠയിലൂടെ അവർണ്ണർക്ക് ക്ഷേത്രദർശനത്തിനു വഴിതുന്നു. പ്രധാനദേവാലയം വിദ്യാലയമായിരിക്കണമെന്നതിലൂടെ  വിദ്യാഭ്യാസത്തിനും വഴി തുറന്നു തന്നു."

1956- മുൻപുവരെ കേരളമെന്നത് തിരുവാതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു നാട്ടുരാജ്യങ്ങൾ ആയിരുന്നു. മൂന്നു രാജ്യങ്ങളേയും 1957
നവംബർ – 1 ന് കൂട്ടിച്ചേർത്ത് കേരളം രൂപീക്രതമാക്കുന്നു. ആദ്യകാലത്ത് കേരളത്തിൽ 5 ജില്ലകളായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് ഓരോ ജില്ലകൾ കൂട്ടിച്ചേർത്ത് പതിനാലാക്കി. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് പറന്നു പൊങ്ങിയത് കേരളത്തിലെ തുമ്പയിൽ നിന്നാണ്. ആദ്യത്തെ ത്രി. ഡി സിനിമയായ മൈഡിയർ കുട്ടിച്ചാത്താൻ ഇന്ത്യയക്കു സംഭാവന ചെയ്തതും കേരളമാണ്. രണ്ടായിമാറിയ കോൺഗ്രസ്സ് കമ്യൂണിസ്റ്റ് പാർട്ടികളുടെ തിരഞ്ഞെടുപ്പ് 1957- ന് ശേഷം കേരളത്തിൽ നടന്നു. ഇ.എം. എസ് നമ്പൂതിരിപ്പാട് ആദ്യത്തെ മൂഖ്യമന്ത്രിയായി. കേരളത്തിൽ ജാതിവ്യവസ്ഥ അരങ്ങുവാണിരുന്ന  ഒരു കാലഘട്ടമുണ്ടായിരുന്നു. ജനങ്ങളെ സവർണ്ണ-അവർണ്ണ ജാതിയായി തിരിച്ചിരുന്നു. സവർണ്ണർക്ക് എല്ലാ ആധിപത്യങ്ങളും ഉണ്ടായിരുന്നു.

സവർണ്ണരുടെ വീഥിയിലൂടെ നടക്കാനും, വിദ്യ അഭ്യസിക്കാനും, ക്ഷേത്ര ദർശനം നടത്താനും അവർണ്ണർക്ക് അധികാരമില്ലായിരുന്നു. 1888-ൽ ശിവരാത്രിനാളിൽ ശ്രീനാരായണ ഗുരു നടത്തിയ അരുവിപ്പുറം ശിവപ്രതിഷ്ഠയിലൂടെ അവർണ്ണർക്ക് ക്ഷേത്രദർശനത്തിനുവഴിതുറന്നു. പ്രധാനദേവാലയം വിദ്യാലയമായിരിക്കണമെന്നതിലൂടെ വിദ്യാഭ്യാസത്തിനും വഴി തുറന്നു തന്നു. അങ്ങനെ അവർണ്ണ-സവർണ്ണ വ്യവസ്ഥ തന്നെ ഇല്ലാതായി. ആദ്യമായി ഏകദിന ക്രിക്കറ്റ് നടന്നത് കേരളത്തിലായിരുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും പോസ്റ്റ്ഓഫീസ് സ്ഥാപിതമായിരുന്നു. അത് കേരളത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇന്ത്യയ്ക്ക് തന്നെ മാതൃകയായി പെൺപള്ളിക്കൂടം എന്ന ആശയവുമായി മിസ് ബേക്കർ മുന്നോട്ടെത്തി. ആദ്യം ബംഗ്ലാവിന്റെ ഒരു മുറിയിൽ തുടങ്ങിവച്ച സ്കൂൾ കുട്ടകളുടെ വർധനവുമൂലം ഒരു കെട്ടിടത്തിലാക്കി മാറ്റി. ആ സ്കൂളിന് ബേക്കർ സ്കൂൾ എന്ന് പേര് നൽകി. കേരളമായിരുന്ന ആദ്യമായി ഭിന്നലിംഗനയം പ്രഖ്യാപിച്ച സംസ്ഥാനം.

കേരളത്തിലാണ് ആദ്യമായി സത്രീകളുടെ പോലീസ് സ്റ്റേഷൻ നിലവിൽ വന്നതും.

പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനം കേരളമായിരുന്നു. കേരളം തന്നെയാണ് ആദ്യ ഡിജിറ്റൽ സംസ്ഥാനമായി അറിയപ്പെടുന്നത്. സമ്പൂരണ്ണമായും പ്രഥമിക വിദ്യാഭ്യാസം നേടിയതു കേരളമാണ്.കൃഷിയിൽ കേരളീയരുടെ പങ്ക് വളരെ വലുതാണ്. ഇരുചക്രവാഹനം മുതൽ മെട്രോവരെയുണ്ട്

കേരളത്തിൽ. മണിപ്രവാള ഭാഷയിൽ നിന്ന് മലയാളം

60-ന്റെ നിറവ് ആഘോഷിക്കുകയാണ്. മതസൗഹാർദത്തിന് ഉത്തമ മാതൃകയാണ് കേരളം.

"ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് പറന്നു പൊങ്ങിയത് കേരളത്തിലെ തുമ്പയിൽ നിന്നാണ്. ആദ്യത്തെ ത്രി.ഡി.സിനിമയായ മൈഡിയർ കുട്ടിച്ചാത്തൻ ഇന്ത്യയ്ക്ക് സംഭാവന ചെയ്തതും കേരളമാണ്. എന്തിനേറെ പറയാൻ ഇരുചക്രവാഹനം മുതൽ മെട്രോവരെയുണ്ട് കേരളത്തിൽ."

അനീന കൃഷ്ണ ഇ.എ

9B

# വിട

**രാജീവ് പി ആർ**

പെയ്തൊഴിഞ്ഞൊരാവർഷമേഘങ്ങളേ
പോയ്മറഞ്ഞൊരെൻ ആത്മഹർഷങ്ങളേ
നിങ്ങളോടിന്നു ചൊല്ലുന്നു ഞാൻ വിട
നിങ്ങളെന്നോടു ചൊല്ലുന്നതും വിട
        പാതികൂമ്പിയ പാരിജാതത്തിൻെറ
        തേൻ നുകർന്നിട്ടു പാതിരാവുകൾ
        ദൂരെയെങ്ങോ പറന്നുപോകുമ്പോഴാ
        കാതിൽ മെല്ലെ മന്ത്രിക്കുന്നതും വിട
ദൂരെ മേഘങ്ങളെത്തിടും വേളയിൽ
പീലിനിർത്തിയിട്ടാടും മയൂരങ്ങൾ
പെയ്തുതോർന്നിടും വേളയിൽ വിണ്ണിലേ-
യ്ക്കാഗമിക്കുമ്പോൾ ചൊല്ലുന്നതും വിട
        സഹ്യസാനുക്കൾ മെല്ലെ തലോടിയി-
        ട്ടൊഴുകിയെങ്ങോ ഗമിച്ചിടും വേളയിൽ
        നദികൾ കൈവഴികൾ തൻ  കാതിൽ മെല്ലവേ

മന്ത്രണം ചെയ്തുപിരിയുന്നതും വിട
അന്തിമാനത്തു കങ്കുമച്ചോപ്പുമായ്
വിണ്ണിലെത്തിടും സായന്ത മേഘങ്ങൾ
കണ്ണിലഗ്നി വർഷിച്ചിടും സൂര്യൻെറ
കാതിൽ മന്ത്രിച്ചു പോകുന്നതും വിട
പാതിമാഞ്ഞൊരു നിലാവിൻെറ ചുണ്ടിലെ
പാലൊളിച്ചിരി മാഞ്ഞൊരു നേരത്തു
പോയി മറയുപാട്ടുപാടാതെ പാതിരാപുള്ളുകൾമ്പോൾ ചോല്ലുന്നതും വിട
ക്ഷണികമീ മർത്വ ജന്മമാം തോണിയിൽ
തിരയൊടുങ്ങാത്തമോഹങ്ങളും
മൃത്വുവിൽ തീരഭൂമിയിലേയ്ക്കായി നാം
യാത്രയാകുമ്പോൾ  ചൊല്ലുന്നതും വിട

# എൻെറ വിദ്യാലയം

വലിയ ഉയറ്ച്ചയോ വലിയ താഴചയോ ഇല്ലാത്ത ഒരു ജീവിതമാണ് ഇതുവരെ ഈശരൻ എനിക്ക് നൽകിയത്. അതുകൊണ്ട് തന്നെ എന്റ കാഴ്ചപ്പാടുകളും പ്രതീ ക്ഷകളും ഒരു ശരാശരി വിദ്യാർത്ഥിയുടേതുമാത്രമാണെന്ന് കരുതാം. ഇന്നത്തെ ശ്രുകമാരമംഗലം ഹയർസെക്കണ്ടറി സ്കൂള് ഇതിനുമുൻപ് എസ്.കെ.എം ഹൈസ്കൂളും എൻെറ ബാല്യകാലത്ത് അമ്പലപള്ളിക്കൂടം എന്നമാണ് അറിയപ്പെട്ടിരുന്നത്. അമ്പലത്തിൻെറ മുന്നിൽ അമ്പലക്കാര് നടത്തുന്ന സ്കൂൾ എന്നുള്ള കാഴ്ചപ്പാടാണ് ഇങ്ങനെയൊരു പേര് അന്ന്  വ്യാപകമാകാൻ കാരണം.ബാല്യകാലത്ത് അമ്മയോടൊപ്പം ക്ഷേത്രത്തിൽ വരുമ്പോൾ ഈ സ്കൂളൻെറ വരാന്തയിലും മൈതാനത്തും ഓടി നടക്കാറുണ്ടായിരുന്നു.അന്നുമനസ്സിൽ പൊട്ടിമുളച്ചതാണ്ഈ സ്കൂളിനോടുള്ള സ്നേഹം .ബാലസുബ്രമണ്യഭഗവാൻെറ അനുഗ്രഹം കുടി ചേർന്നപ്പോൾ ഈ സ്കൂളിൽ 5 മുതൽ10 വരെ 28 വർഷക്കാലം പഠിപ്പിക്കുന്നതിനും എനിക്ക് ഭാഗ്യം ലഭിച്ചു. ഈ നാട്ടിലെ എൻെറ കൂട്ടുകാരുമായി ഒരുമിച്ചു  പഠിപ്പിക്കുന്നതിനും അതിനുശേഷം തൻെറ കൂട്ടുകാരുടേയും സ്വന്തക്കാരുടേയും പരിചയക്കാരുടേയും കുട്ടികളെ ഇവിടെ പഠിപ്പിക്കുന്നതിനും അങ്ങനെ വരുംതലമുറയുമായി ഒരു ബന്ധം സ്ഥാപിക്കാനും വിദ്യാലയം വഴി എനിക്ക് കഴിഞ്ഞു.  നിഷ്കളങ്കരായ കുട്ടികളെ എന്നും കാണുകയും അവരുമായി ഇടപെടുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന ആനന്ദം മറ്റൊരു ജോലിയിൽ നിന്നും ലഭിക്കുകയില്ല. അതിലുംപരിയായി എസ്.കെ എം. സ്കൂളിലെ എൻെറ പ്രിയപ്പെട്ട അദ്ധ്യാപകരുമായി അവിടെ ഒരുമിച്ചു ജോലിചെയ്യുമ്പോഴുള്ള സന്തോഷവും സ്വതന്ത്ര്യവും ഒന്നും വേറെ തന്നെയായിരുന്നുവലിയ സാമ്പത്തിക ബദ്ധിമുട്ടുള്ള സമയത്ത് ആരംഭിച്ച ഈ സ്കൂളിൽ വളരെക്കാലത്തോളം പലവിധത്തിലുള്ള പരിമിതികൾ നിന്നിരുന്നു. എങ്കിലും ഈ പരിമിതികൾ തൃണവൽക്കരിച്ചു കൊണ്ട് സ്കൂളിനുവേണ്ടി അർപ്പണമനോ ഭാവത്തോടെ കഠിനാദ്ധ്വനം ചെയ്ത ഈ സ്കൂളിലെ ആദ്യകാല ജീവനക്കാരെ ആർക്കും വിസ്മരിക്കാൻ കഴിയുകയില്ല.  ഇല്ലായ്മകൾക്ക നടുവിൽ കഴിയുമ്പോഴും ബാലസുബ്രഹ്മണ്യഭഗവാൻെറ അനുഗ്രഹം കൊണ്ട് ലഭിച്ച ശക്തിയും ആത്മവിശ്വാസവും മാത്രമാണ് അവർക്ക് അക്ഷീണം ഈ സ്കൂളിനുവേണ്ടി പരിശ്രമിക്കുന്നതിന് പ്രോദനമായത്. വിനയവും ലാളിതൃവും സ്നേഹവും കൊണ്ട് അവർ തന്നെക്കാൾ വലിയ കുട്ടികളെ നിയന്ത്രിച്ചിരുന്നു. ഭൗതിക സാഹചര്യങ്ങളെക്കാൾ ഉപരിയായി ഒരു നല്ല ശക്തമായ ഗുരുശിഷ്യ ബന്ധമാണ് ഒരു വിദ്യാലയത്തിൻെറ അഭിവൃദ്ധിയ്ക്ക് നിദാനമായിട്ടുള്ളതെന്ന് അന്നത്തെ സമൂഹം തിരിച്ചറിഞ്ഞിരുന്നു. ഈ ബന്ധം നിലനിൽക്കുന്ന വിദ്യാലയവും വിടും മാത്രമേ നാളെയുടെ വാഗദാനങ്ങളായ നല്ല തലമുറയെ സ്രഷ്ടിക്കുകയുള്ളു എന്നും അവർക്ക് അറിയാമായിരുന്നു. ഈ തിരിച്ചറിവാണ് അമ്പലപള്ളിക്കൂടത്തെ ഇന്നത്തെ ശ്രീകുമാരമംഗലം ഹയർസെക്കണ്ടറി സ്കൂളിൻെറ മഹനിയ പദവിയിൽ എത്തിച്ചത്. ഇവിടെ മൂല്യങ്ങൾക്ക് വലിയ വിലകൊടുത്തിരുന്ന അധ്യാപകരുണ്ടായിരുന്നു. കുട്ടികൾ ഗുരുത്വമുള്ളവരായിത്തിരണമെന്ന് ആഗ്രഹിക്കുന്ന രക്ഷിതാക്കളുണ്ടായിരുന്നു.ഈ

ചിന്താഗതിയുടേയും വിശ്വസത്തിൻേറയും ഉല്പന്നങ്ങളായി ഈ സ്കൂളിൽ നിന്നും പുറത്തുവന്നിട്ടുള്ളവർ എന്നും ഈ സ്കൂളിന്റെ അഭ്യുദയകാംക്ഷികളായി ഇവിടെ ഉണ്ടായിരിക്കും.

കാലം മുന്നോട്ടു പോയപ്പോൾ വിദ്യഭ്യാസ മേഖലയിലും ഒത്തിരി മാറ്റങ്ങൾ സംഭവിച്ചു. മനുഷ്യൻെറ ജീവിതനിലവാരത്തിലണ്ടായ മാറ്റങ്ങൾക്കനുസ്രതമായി സ്കൂളിലും മാറ്റങ്ങൾ വന്നു തുടങ്ങി. പഠനപ്രക്രിയ അടിമുടി പരിഷ്ക്കരിക്കപ്പെട്ടു. അദ്ധ്യാപക കേന്ദ്രികൃതമായിരുന്ന വിദ്യാഭ്യാസം വിദ്യാർത്ഥികേന്ദ്രികൃതമായി മാറിയതോടെ അദ്ധ്യാപകൻ ഒരു സഹായി മാത്രമായി മാറി. വിദ്യാർത്ഥികളെ സഹായിക്കാൻ കിടുതൽ മേഖലകൾ തുറക്കപ്പെട്ടതോടെ അദ്ധ്യാപകന്റെ ജോലിനഷ്ടപ്പെടുന്ന അവസ്ഥ കുട്ടികളെ തേടി അദ്ധ്യാപകർ നടക്കുന്നതിന് കാരണമായി. അങ്ങനെ കുട്ടികൾ അദ്ധ്യാപകരുടെ നിലനില്പിപിന് ആവശ്യമായി വരുകയും അവർ അദ്ധ്യാപകരുടെ രക്ഷിതാക്കളാകാൻ തുടങ്ങുകയും ചെയ്തു. ഇതു ഒരു പരിധിവരെ അംഗികരിച്ചുകൊണ്ട് തൻെറ ജീവിതമാർഗ്ഗം അടയാതിരിക്കുന്നതിന് അദ്ധ്യാപകരും ശ്രമിക്കുമ്പോൾ ഗുരു ശിഷ്യബന്ധം നിലനിൽപ്പിൻെറയും ലാഭനഷ്ടക്കണക്കിൻെറയും ബന്ധമായി രൂപാന്തരപ്പെട്ടുപോയി. സമസ്തമേഖലയേയും ലാഭനഷ്ടത്തിൻെറ അടിസ്ഥാനത്തിൽ വിക്ഷിക്കുകയും വിലയിരുത്തുകയു ചെയ്യുന്ന സമൂഹത്തിൻെറ ഭാഗമായി അധ്യാപകനും മാറിയതോടെ ഒരു തിരുത്തൽ ശക്തിക്ഷയം സംഭവിച്ചുപോയി, അത് മൂല്യച്യുതിക്ക് കാലത്തിൻെറ കുത്തൊഴുക്കിൽ പ്പെട്ടുഴലുമ്പോഴും അതിനെയൊക്കെ ഒരുപരിധിവരെ നേരിടുന്നതിനുള്ള സഹായഹസ്തം ഈ സ്ഥാപനത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അത് മറ്റൊന്നുമല്ല ലോകാരാധ്യനായ ശ്രീനാരായണ ഗുരുദേവൻ പ്രതിഷ്ഠിച്ച സാക്ഷാൽ ബാലസുബ്രഹ്മണ്യൻെറ സഹായഹസ്തം തന്നെയാണ്. സ്കൂളിൻെറ ദൈനംദിന കാര്യങ്ങളിൽ പോലും ഭഗവാൻ ഇടപെടുന്നുണ്ടോഎന്ന തോന്നം വിധമാണ് ഇവിടെ കാര്യങ്ങൾ പുരോഗമിക്കുന്നത്. സത്യവും ധർമ്മവും മര്യാദയും വിനയവും ഉള്ള ജിവനക്കാരും അവരോട് ചേർന്ന്നിന്നുകൊണ്ട് ദിർഘവിക്ഷണത്തോടെ പ്രവർത്തിക്കുന്ന മാനേജ്മെൻറ്റും ഈ സ്കൂളിൻെറ ഐശ്വര്യപൂർണ്ണമായ ഭാവി ഉറപ്പുവരുത്തുമ്പോൾ അതിനോട് ചേർന്ന് നിന്ന് പ്രവർത്തിക്കാൻ ആഗ്രഹിച്ചുപോകുന്നു. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ പൂർവ്വ അദ്ധ്യാപകരെ ആദരിക്കുകയും, സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്തത് ഈ സ്കൂളിനോടുള്ള വിദ്യാർത്ഥികളുടെ സ്നേഹത്തിൻെറ മകുടോദാഹരണമായി കണക്കാക്കാം. പാർശ്വവൽക്കരിക്കപ്പെട്ടുപോകുമായിരുന്ന ഒത്തിരി ജിവിതങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും ഉയർച്ചയിലേക്ക് നയിക്കുന്നതിനും അങ്ങനെ നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ എടുത്തുപറയേണ്ട ഒരു നേട്ടമാണ് കുമരകത്തെ സാധാരണകുടുംബത്തിൽ ജനിച്ചുവളർന്ന് നമ്മുടെ സ്കൂളിൽ പഠിച്ച് സിവിൽ സർവ്വിസ് പരിക്ഷയിൽ മുൻനിരയിലെത്തിയ, എനൻെറ വിദ്യാർത്ഥികടിയായ ജോസഫ് കെ.മാത്യുവിന്റേത് കോട്ടയത്തിൻെറ പടിഞ്ഞാറൻ മേഖലയുടെ ഉയർച്ചക്ക്പിന്നിൽ ഈ സരസ്വതി ക്ഷേത്രം വഹിച്ച പങ്ക് വളരെ വലുതാണ്. വിദ്യകൊണ്ട് പ്രബുദ്ധരാകുക. സംഘടനകൊണ്ട് ശക്തരാകുക എന്ന നവോത്ഥാന മുദ്രാവാക്യം പ്രാവർത്തികമാക്കിക്കൊണ്ട് എല്ലാ സാമ്പത്തിക സാമൂഹിക വേർതിരിവുകളും മറികടക്കുന്നതിന് വരും തലമുറയെ പ്രാപ്തമാക്കാൻ എൻെറ വിദ്യാലയത്തിന് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ആരായുകിൽ അന്ധത്വമൊഴിച്ച് ആദിമഹസ്സിൻ നേരാം വഴികാട്ടുന്ന ഗുരുവിനെ വണങ്ങിക്കൊണ്ട് നിർത്തുന്നു.

സി. പി. ബാലസുബ്രഹ്മണ്യം
മുൻ ഹെഡ്മാസ്റ്റർ

# ഒറ്റപ്പെടലിന്റെ വേദന

ആരോരുമില്ലാതെ അലയുന്ന നാം ഇന്ന് അറിയാതെ ഒറ്റപ്പെടുന്നു . വിജനമായ ആ വഴിയിൽ ഒന്നിച്ചു നിന്നവർ നമ്മെ പിരിഞ്ഞ് എങ്ങോപ്പോയി സുഖദു:ഖങ്ങളിൽ പങ്കിട്ടു നൽകാതെ എവിടെ മറഞ്ഞു എൻ സ്നേഹബന്ധം നെഞ്ചിൽ വിതുമ്പുന്ന കഥനങ്ങളിൽ നാം ഇന്ന് ഒരുമിച്ചു പങ്കിട്ടു നൽകുമോ വീണ്ടടഞ്ഞ ഹൃദയത്തിൻ നൊമ്പരം അറിയാതെ പോകരുതെ ആരും ഒരായിരം  മുള്ളുകൾ മനസ്സിന്റെ തട്ടിൽ അടിച്ചേൽപ്പിക്കുകയാണ് നമ്മെ

ധനശ്രീ പി.പി

8 A

# Riddles

## Sofia Mathew 10 D

1.The room which we cannot enter ?
Ans:mushroom
2.Which pets do we walk on ?
Ans:carpet
3.Which ship does not sail ?
Ans:Friendship
4.The first bus which went to America ?
Ans:colombus
5.Which table has no legs ?
Ans:Multiplication table


### Tricky Question and Jokes

1. A gate which we cannot enter ?
Ans: colgate

2. The dangerous city in the world ?
Ans: Eletricity

3. The room which wecannot enter in ?
Ans:Mushroom

4. The table which we can eat ?
Ans :vegetable



5.What has teeth but no mouth ?
Ans:comb

6.The table which has no legs ?
Ans:Time table

7.What can run but cannot walk ?
Ans:Water

8.What falls but nevergets hurt ?
Ans:Rain

9.To whomdoes everyone remove their hats ?
Ans:Barber

10.Which pets do we walk on ?
Ans:carpet

**Arunima suresh 10C**

# മാതാപിതാക്കൾ അറിയാൻ

*നമ്മുടെ മക്കളുടെ ചെറിയനേട്ടങ്ങൾക്കുപോലും അവരെ അഭിനന്ദിക്കു.ഒറ്റപ്പെടുത്താതിരിക്കുക.ഒറ്റപ്പെടുത്തൽ അവര തളർത്തും.

you can,you will എന്നു പറയുക.

*മാതാപിതാക്കൾ അന്യോന്യം അംഗീകരിക്കുണം ,ബഹുമാനിക്കണം, സ്നേഹിക്കണം , ക്ഷമിക്കണം ,നന്ദി പറയണം .ഇത് കുട്ടികൾക്ക് മാതൃകയാകും .കപഹപ്രിയരാകും . അവർ വീടിനും സമൂത്തിനും പ്രശ്നമാകും .

*ദൈവവിശ്വാസം - ദൈവവിശ്വാസം ജ്ഞാനത്തിന്റെ ആരംഭമാണ് . അത് അവനിൽ ആത്മവിശ്വാസം ഉണ്ടാക്കും .അവന്റെ ഇഷ്ടദേവത എപ്പോഴും സാരഥിയായി അവന്റെകൂടെ ഉണ്ടാകും എന്നറിയുക . അറിയിച്ചു വളർത്തുക .

*നമ്മുടെ അറിവ് , കഴിവ് , സമയം , സാധനങ്ങൾ ഇവയെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള മനസ്സ് കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം ,ഇത് സ്വാർത്ഥതയിൽനിന്നും അവരെ രക്ഷിക്കുക .

*മാതാപിതാക്കൾ അദ്ധ്യാപകരുടെ നിരന്തരം ആശയവിനിമയം നടത്തണം .സ്വന്തം സ്കൂളിൽ മക്കൾ എങ്ങനെ പെരുമാറണ ,ആരൊക്കെയാണ് കൂട്ടുകാർ എന്നൊക്കെ മാതാപിതാക്കൾ മനസ്സിലാക്കിയിരിക്കണം . കൂടാതെ അവരുടെ വളർച്ചയിൽ ഉണ്ടാകുന്ന ശാരീരികവും മാനസ്സികവുമായ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് ഒരു സുഹൃത്തിനെപ്പോലെ സമയം ചെലവഴിച്ച് അവരെ സംരക്ഷിക്കുക .

*പ്രശംസിക്കുമ്പോൾ കുട്ടിയെ അല്ല പ്രശംസിക്കേണ്ടത് ,അവൻ ചെയ്യത് പ്രവർത്തികളെ ആയിരിക്കണം .കുറ്റപ്പെടുത്തുമ്പോഴും പ്രവൃത്തികളെത്തന്നെയായിരിക്കണം .ഇത് അവരിൽ ആത്മവിശ്വാസം വളർത്തും .


*ലക്ഷ്യബോധമുള്ള കുട്ടികൾ വഴിതെറ്റില്ല .അവർക്ക് ഉത്തരവാദിത്വബോധം ഉണ്ടാകും . തെറ്റായ കൂട്ടുകെട്ടിൽ അകപ്പെട്ട് നശിക്കില്ല . ലക്ഷ്യബോധം ഉണ്ടാക്കാൻ അവനെ സഹായിക്കേണ്ടത് മാതാപിതാക്കളാണ് .

*കുടുംബാംഗങ്ങൾ ഒരുമിച്ച് അനാഥാലയങ്ങൾ,ആശുപത്രി, സാധുക്കളുടെ [രോഗികളുടെ] വീടുകൾ തുടങ്ങിയവ സ്ഥലങ്ങൾ സന്ദർശിക്കുന്നതും അവരോട് സ്നേഹാന്വേഷണങ്ങൾ നടത്തുന്നതും അവർക്കുവേണ്ടസേവനം ചെയ്യുന്നതും വളരെ നല്ലകാര്യമാണ് . സ്നേഹത്തോടുകൂടിയുള്ള നമ്മുടെ ഒരുവാക്ക് എത്ര പണം നൽകുന്നതിനേക്കാൾ വിലയുള്ളതാണ്. ഇത് കുട്ടികൾക്ക് ഹൃദയവിശാലത ഉണ്ടാക്കാൻ സാധിക്കും .

*കുട്ടികൾ മുതിർന്നവരെ ആദരിക്കണം.അവർ കടന്നുവന്നാൽ എഴുന്നേൽക്കുക, അവരുടെ പാദം തൊട്ടുവന്ദിക്കുക, മുതിർന്നവരെ പരിഹസിക്കാതിരിക്കുക,

ഇന്ദു കെ എം, ടീച്ചർ

# നന്ദി....



ശ്രീകുമാരമംഗലം ഹയർസെക്കണ്ടറി സ്കൂളിലെ ഇന്നു കാണുന്ന പ്രൗഢിയിൽ കൊണ്ടുചെന്നെത്തിച്ച പൂർവീകരായ ഏല്ലാ മാനേജ്മെൻ അംഗങ്ങളേയും അദ്ധ്യാപക-അനദ്ധ്യപകരേയും മനസ്സാ സ്മരിക്കുകയാണ്, നന്ദി പറയുകയാണ്......

700-ൽപരം കുട്ടികൾ സ്കൂൾ മാഗസിൻെറ പേരു നിർദ്ദേശിച്ചതിൽ മിഴി-2019 എന്ന പേര് എന്ന കുട്ടിയാണ്. ശ്രീകുമാരമംഗലം ഹയർ സെക്കണ്ടറിസ്കൂളിലെ നോക്കിക്കാണുവാനുള്ള മിഴിയായി ഈ മാഗസിൻ മാറുകയാണ്. 54 വർഷം പിന്നിടുന്ന സ്കൂളിൻെറ ആദ്യത്തെ ഡിജിറ്റൽ മാഗസിനാണിത്. കുട്ടികളുടേയും സ്കൂൾ ജീവനക്കാരുടേയും പൂർവ്വ അദ്ധ്യാപക-വിദ്ധ്യർത്ഥികളുടേയുമൊക്കെ രചനകൾ ഉൾപ്പെടുത്തി എല്ലാവർഷവും മാഗസിൻ പ്രസിദ്ധീകരിക്കണമെന്നുള്ള അഭിപ്രായംകൂടി ഇവിടെ രേഖപ്പെടുത്തുന്നു.

വിവിധ രചനകളിലൂടെ ഈ മാഗസിനെ സമ്പുഷ്ടമാക്കിയ എല്ലാ രചയിതാക്കൾക്കും , ലേഖനങ്ങൾ എഴുത്തിതന്നവർ എന്നിവരോടും പറഞ്ഞറിയിക്കാനാൻ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ലിറ്റിൽ കൈറ്റ്സിൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് സഹായിച്ച ജില്ല ,ഐറ്റി കോർഡിനേറ്റർ ശ്രീ റ്റോണി സാറിനും ശ്രീ ജയശങ്കർ സാറിനും എല്ലാ മാസ്റ്റർ ട്രെയിനർമാരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

ഒരു സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കണമെന്നുള്ള മോഹം എൻെറ സഹപ്രവർത്തകരെ അറിയിച്ചപ്പോൾ അതിനുള്ള സാഹചര്യം ഒരുക്കിത്തരുകയും അതിൻെറ പ്രവർത്തനങ്ങക്ക് പിന്നിൽ അക്ഷീണം പ്രവർത്തിക്കുകയും ചെയ്ത സുമനസ്സുകളായ സഹപ്രവർത്തകരോട് സ്നേഹനിർഭരമായ നന്ദി പ്രക്കശിപ്പിക്കുന്നു. പല പ്രതിസന്ധിഘട്ടങ്ങളേയും വളരെ നിസ്സാരമായി തരണം ചെയ്യാനായത് സ്കൂൾ മാനേജ്മെന്റിന്റെ അകമഴിഞ്ഞ സഹായത്താലും നിർ ദ്ദേശത്താലുമാണ്. സ്കൂൾ മാനേജർ അഡ്വ. വി.പി. അശോകൻ സാറിനോടും, ദേവസ്വം സെക്രട്ടറി കെ.ഡി. സലിമോൻ സാറിനോടും, പി. റ്റി . എ പ്രസിഡെന്റ് പി.കെ ബിജുമോനോടുംമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ആശയപരവും അല്ലാതെയുമുള്ള തെറ്റുകൾ കണ്ടെത്തി തിരുത്തുവാൻ സഹായിച്ച മുൻ ഹെഡ്മാസ്റ്റർ ശ്രീ. സി. പി. ബാലസുബ്രമണ്യം സാറിനും പ്രത്യേകം നന്ദി പറയുന്നു. സ്വാർത്ഥതയുടെ കടിഞ്ഞാണിട്ട് നിയന്ത്രിക്കതെ , ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ പൂർണ്ണസാതന്ത്ര്യം നൽകുന്ന സ്കൂൾ ഹെഡ്മിസ്ട്രസ്സ് ഇ.എസ്. സുജ്മോൾ ടീച്ചറിനേയും സാദരം വന്ദിക്കുന്നു.

ഒരു മാഗസസിൻ പുറത്തിറക്കുന്നതിന്റെ പ്രാധാനവെല്ലുവിളി ഭാരിച്ച പണച്ചെലവാണ്. അതിനായി പരസ്യങ്ങൾ നൽകി സാമ്പത്തിക സഹായം നൽകി എല്ലാ മാന്യസ്ഥാപന ഉടമകൾക്കും, ഒപ്പം ഇതിൽ പ്രസിദ്ധീകരിക്കുന്ന ചിത്രങ്ങൾ പകർത്തിനൽകിയ അജിത്ത് സ്റ്റുഡിയോ എന്ന സ്ഥാപനത്തിനും സർവ്വോപരി ഈശ്വരനോടും നന്ദി പറയുന്നു.

എഡിറ്റോറിയൽ ബോർഡ്